**FY-349**

Reg. No. : ......................................

Name : ..........................................

**FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025**

Part – III

# ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## SECTION – I

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**

**ഓരോ ഉത്തരത്തിനും 1 സ്കോർ വിതം.** **(8 × 1 = 8)**

1. ഒരു സ്ഥാപനത്തിനു വേണ്ടിയുള്ള ഫിക്സഡ് അസറ്റുകൾ വാങ്ങുന്നതിനു വേണ്ടി ചെലവാക്കിയ തുക ഏത് വകുപ്പിൽപ്പെടും ?

   (a) റവന്യൂ ചെലവുകൾ (b) മൂലധന ചെലവുകൾ

   (c) ഇതര ചെലവുകൾ (d) ഇവയൊന്നുമല്ല

2. അക്കൗണ്ടിങ്ങ് സമവാക്യം അക്കൗണ്ടിങ്ങിന്റെ ______ ആശയത്തെ നിറവേറ്റുന്നു.

   (a) ദ്വന്ദ്വ അശയത്തെ (b) പണം അളക്കൽ ആശയം

   (c) വാണിജ്യ ആശയം (d) ഇവയെല്ലാം

3. വാടക സ്വീകരിക്കമ്പോൾ താഴെപ്പറയുന്നവയിൽ വർദ്ധനയുണ്ടാകുന്നത് ഏതിലാണ് ?

   (a) ചിലവുകളിൽ (b) വരുമാനത്തിൽ

   (c) മൂലധനത്തിൽ (d) ബാധ്യതയിൽ

4. ബാധ്യതയെക്കാൾ ആസ്തി വർദ്ധിക്കുമ്പോൾ ലഭിക്കുന്നത് ______.

   (a) മൂലധനം (b) വരുമാനം

   (c) ആസ്തി (d) ഇവയൊന്നുമല്ല

5. ഒരു സ്ഥാപനത്തിന് ആവശ്യമായ സാമഗ്രികൾ വാങ്ങുമ്പോൾ ലഭിക്കുന്ന ഉറവിട രേഖ ഏത് ?

   (a) വൗച്ചർ (b) ഇൻവോയിസ്

   (c) ക്യാഷ് മെമ്മോ (d) ക്രെഡിറ്റ് നോട്ട്

6. ബാങ്ക് അനുരഞ്ജന പ്രസ്താവന തയ്യാറാക്കുന്നതാര് ?

   (a) ആഡിറ്റർ

   (b) ക്രെഡിറ്റർ

   (c) ബാങ്ക്

   (d) ഉപഭോക്താവിന്റെ അക്കൗണ്ടന്റ്

7. മെഷിനറികളുടെ വിൽപ്പന, വിൽപ്പന അക്കൗണ്ടിലേക്ക് തന്നെ ക്രെഡിറ്റു ചെയ്യപ്പെടുന്നത് ഏതു തരം പിശകാണ് ?

(a) നഷ്ടപരിഹാരപ്പിശക്
(b) തത്വങ്ങളുടെ പിശക്
(c) ഒരു വശത്തെ പിശക്
(d) രണ്ടു വശത്തെ പിശക്

8. മൂല്യത്തകർച്ച ഏതുതരം ചിലവിൽ ഉൾപ്പെടുന്നു ?

(a) റവന്യൂ ചെലവ്
(b) മൂലധന ചെലവ്
(c) പണമില്ലാത്ത ചെലവ്
(d) ഇവയെല്ലാം

9. __________ A/c ............. Dr.

To ശമ്പളക്കുടിശ്ശിക അക്കൗണ്ട്

(കൊടുക്കാനുള്ള ശമ്പളക്കുടിശ്ശിക)

(a) ട്രേഡിംഗ് അക്കൗണ്ട്
(b) ലാഭനഷ്ടക്കണക്ക്
(c) ശമ്പള അക്കൗണ്ട്
(d) ആസ്തി അക്കൗണ്ട്

10. വില്പന എന്തിനു തുല്യമാണ് ?

(a) വിറ്റ സാധനങ്ങളുടെ വില + ലാഭം
(b) വിറ്റ സാധനങ്ങളുടെ വില – മൊത്തം ലാഭം
(c) മൊത്തം ലാഭം – വിറ്റ സാധനങ്ങളുടെ വില

## SECTION – II

**11 മുതൽ 16 വരെ ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(5 × 2 = 10)**

11. ഇരട്ടവശ ആശയം വിശദീകരിക്കുക.

12. പിശകുകളുടെ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തി, അവയെ വ്യത്യസ്തതരങ്ങളായി തിരിക്കാം. ഏതൊക്കെ ?

13. മൂല്യത്തകർച്ചയുടെ നാലു കാരണങ്ങൾ ചൂണ്ടിക്കാണിക്കുക.

14. ക്ലോസിംഗ് എൻട്രികൾക്ക് രണ്ട് ഉദാഹരണങ്ങൾ നൽക്കുക.

15. മുൻകൂറായി ലഭിച്ച കമ്മീഷനും, കുടിശ്ശിക ശമ്പളത്തിനും ജേണൽ എൻട്രികൾ നൽകുക.

16. അക്കൗണ്ടിംഗിന്റെ നാല് അടിസ്ഥാനതത്വങ്ങൾ വിശദീകരിക്കുക.

## SECTION – III

**17 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(5 × 3 = 15)**

17. താഴെപ്പറയുന്ന സങ്കല്പങ്ങളെപ്പറ്റി ചർച്ച ചെയ്യുക.

    (a) പണം അളക്കുന്നതനിനുള്ള ആശയങ്ങൾ

    (b) ഗോയിംഗ് കൺസേൺ കൺസെപ്റ്റ്

    (c) മാച്ചിംഗ് കൺസെപ്റ്റ്

18. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

    (a) __________ A/c .............. Dr. 50,000
    To ക്യാപ്പിറ്റൽ A/c 50,000
    (മുടക്കുമുതലോടുകൂടി ബിസിനസ്സ് ആരംഭിച്ചു)

    (b) __________ A/c .............. Dr.
    To __________ A/c
    (1,500 രൂപ ശമ്പളമായി നല്കി)

    (c) 10,000 രൂപയ്ക്ക് യന്ത്രസംവിധാനങ്ങൾ വാങ്ങിച്ചു. ഈ ഇടപാടിൽ ഏതു അക്കൗണ്ടിനെയാണ് ഡെബിറ്റ് ചെയ്യേണ്ടത്.

19. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക.

20. അസറ്റിന്റെ മൂല്യത്തകർച്ച കണക്കാക്കേണ്ട വ്യത്യസ്തരീതികൾ വിശദീകരിക്കുക.

21. അന്തിമ അക്കൗണ്ട് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന ഇടപാടുകൾ എങ്ങനെ പരിഗണിക്കപ്പെടുന്നുവെന്ന് വിശദമാക്കുക. (i) പ്രൊവിഷൻ ഫോർ ബാഡ് ഡെബ്റ്റ്സ് (ii) മുൻകുറായി ലഭിച്ച വരുമാനം (iii) ഔട്ട്സ്റ്റാന്റിംഗ് ചെലവുകൾ.

22. നയങ്ങൾ ഇടയ്ക്കിടെ മാറ്ററുത്, അല്ലാത്തപക്ഷം ഇത് സാമ്പത്തിക പ്രസ്താവനകളുടെ താരതമ്യ നിലവാരത്തെ ബാധിക്കും. ഈ പ്രസ്താവനയ്ക്കു പിന്നിലെ ആശയം ചർച്ച ചെയ്യുക.

## SECTION – IV

23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (4 × 4 = 16)

23. വിശദീകരിക്കുക :

(a) ബിസിനസ്സ് എന്റിറ്റി ആശയം

(b) പൂർണ്ണമായ വെളിപ്പെടുത്തൽ ആശയം

(c) ഭൗതികത്വ ആശയം

(d) അക്കൗണ്ടിംഗ് കാലയളവ് ആശയം

24. ഇനിപ്പറയുന്ന ഇടപാടുകൾ ജേണലൈസ് ചെയ്യുക :

**2022**

| | |
|---|---|
| ജനുവരി 1 | മൂലധനം ഉപയോഗിച്ച അനിൽ ബിസിസ്സ് ആരംഭിച്ചു 2,50,000 |
| ജനുവരി 3 | സാധനങ്ങൾ കാശ്കൊടുത്തുവാങ്ങി 50,000 |
| ജനുവരി 7 | പണം കൊടുത്ത യന്ത്ര സാമഗ്രികൾ വാങ്ങി 3,00,000 |
| ജനുവരി 8 | പർച്ചേസ് റിട്ടേൺ 2,000 |
| ജനുവരി 17 | കൂലി കൊടുത്തു 5,000 |
| ജനുവരി 21 | മോഹന് കടത്തിന് സാധനങ്ങൽ വിറ്റു 2,00,000 |
| ജനുവരി 27 | പണത്തിന് സാധനങ്ങൾ വിറ്റു 7,50,000 |
| ജനുവരി 31 | ഉടമസ്ഥന്റെ വീട്ടുവാടക നൽകി 7,000 രൂപാ |

25. താഴെപ്പറയുന്ന അക്കൗണ്ടിന്റെ ഡെബിറ്റ്, ക്രെഡിറ്റ് നിയമങ്ങൾ വിശദീകരിക്കുക.

| അക്കൗണ്ടിന്റെ പേര് | ഡെബിറ്റ് | ക്രെഡിറ്റ് |
|---|---|---|
| അസറ്റ് | വർദ്ധിക്കുന്നു | കുറയുന്നു |
| ബാധ്യത | – | – |
| മൂലധനം | – | – |
| വരുമാനം | – | – |
| ചിലവ് | – | – |

26. വിമലയുടെ 31-3-2023 ലുള്ള ബാങ്ക് അനുരഞ്ജന പ്രസ്താവന തയ്യാറാക്കുക.

(1) ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് – 50,000.

(2) 8,000 രൂപയുടെ ചെക്ക് ഇഷ്യൂ ചെയ്തു. പക്ഷേ പേയ്മെന്റിനായി ഹാജരാക്കിയില്ല.

(3) ബാങ്ക് നേരിട്ട് ശേഖരിച്ച 4,000 രൂപയുടെ ലാഭവിഹിതം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തെങ്കിലും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(4) ബാങ്ക് ചാർജസ് 400 രൂപ ബാങ്ക് അക്കൗണ്ടിൽ മാത്രം ഡെബിറ്റ് ചെയ്തു.

(5) 6,000 രൂപയുടെ ചെക്ക് നിക്ഷേപിച്ചെങ്കിലും ബാങ്ക് ശേഖരിച്ചിട്ടില്ല.

27. 1-4-2019-ൽ നക്ഷത്ര ട്രേഡേഴ്സ് എന്ന സ്ഥാപനം 2,00,000 രൂപ മുടക്കി ഒരു മെഷിനറി വാങ്ങി. അത് ഘടപ്പിക്കുന്നതിന് 10,000 രൂപ ചെലവായി.

മൂല്യത്തകർച്ചാനിരക്ക് പ്രതിവർഷം 10% മൂന്നുവർഷത്തെ മെഷിനറി അക്കൗണ്ട് തയ്യാറാക്കുക. എല്ലാ വർഷവും മാർച്ച് 31 ന് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നു.

## SECTION – V

**28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.** **(3 × 5 = 15)**

28. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് ? അതിന്റെ വിവിധ ഘടകങ്ങൾ വിശദമാക്കുക.

29. അക്കൗണ്ടിംഗ് വിവരങ്ങളുടെ ഗുണപരമായ സവിശേഷതകൾ സംക്ഷിപ്തമായി വിശദീകരിക്കുക.

30. പാസ്ബുക്ക് ബാലൻസും ക്യാഷ് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ ചില കാരണങ്ങൾ വിശദീകരിക്കുക.

31. ഇനിപ്പറയുന്ന ഇടപാടിൽ ആവശ്യമായ തിരുത്തൽ എൻട്രി തയ്യാറാക്കുക. ബാബുവിന്റെ 20,000 രൂപയുടെ ക്രെഡിറ്റ് വില്പന അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 2,000 എന്ന് പോസ്റ്റ ചെയ്തു.

## SECTION – VI

**32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം. (2 × 8 = 16)**

32. മിസ്റ്റർ സുധാകരന്റെ താഴെപ്പറയുന്ന ഇടപാടുകളെ അടിസ്ഥാനമാക്കി അക്കൗണ്ടിംഗ് സമവാക്യം തയ്യാറാക്കുക.

(1) പണം മുടക്കി ബിസിനസ്സ് ആരംഭിച്ചു 1,75,000 രൂപ

(2) രാജന്റെ കൈച്ചിൽനിന്ന സാധനങ്ങൾ വാങ്ങി 50,000 രൂപ

(3) 17,500 രൂപ വിലയുള്ള സാധനം 20,000 രൂപയ്ക്ക് മോഹന് കടത്തിന് വിറ്റു

(4) ഓഫീസ് ആവശ്യത്തിനായി ഫർണിച്ചർ വാങ്ങി 10,000

(5) 48,500 രൂപ നൽകി രാജന് കൊടുക്കേണ്ടിയിരുന്ന മുഴുവൻ ഇടപാടുകളും തീർത്തു.

(6) മോഹനിൽ നിന്ന് പണം ലഭിച്ചു 20,000

(7) വടക കൊടുത്തു 1,000

(8) വ്യക്തിപരമായ ആവശ്യങ്ങൾക്കായി പണം പിൻവലിച്ചു 3,000

33. താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രകാരം ഡബിൾ കോളം ക്യാഷ് ബുക്ക് തയ്യാറാക്കുവുൻ നിങ്ങളുടെ സുഹൃത്ത് ശങ്കറിനെ സഹായിക്കുക.

2023

ജനുവരി 1 ക്യാഷ് ബാലൻസ് 15,000 രൂപ
ബാങ്ക് ബാലൻസ് 42,000 രൂപ

ജനുവരി 2 ചെക്കു കൊടുത്ത് സാധനങ്ങൾ വാങ്ങി 12,000 രൂപ

ജനുവരി 3 പണത്തിന് സാധനങ്ങൾ വിറ്റു 6,000 രൂപ

ജനുവരി 7 ചെക്കു നൽകി യന്ത്രസാമഗ്രികൾ വാങ്ങി 5,500 രൂപ

ജനുവരി 9 സാധനങ്ങൾ വിറ്റ് ചെക്ക് കൈപ്പറ്റി 4,500 രൂപ
(അന്നേ ദിവസം തന്നെ ചെക്ക് ബാങ്കിൽ നിക്ഷേപിച്ചു)

ജനുവരി 12 റഫീക്കിന്റെ കൈയിൽ നിന്ന് സാധനങ്ങൾ വാങ്ങി 17,400 രൂപ

ജനുവരി 13 സ്റ്റേഷനറി വാങ്ങി ചെക്ക് നൽകി 1,100 രൂപ

ജനുവരി 18 രോഹിതിന് ചെക്ക് നൽകി 10,000 രൂപ

ജനുവരി 21 വാടക ചെക്കായി നൽകി 2,500 രൂപ

ജനുവരി 29 ശമ്പളം നൽകി 3,500 രൂപ

34. 2024 മാർച്ച് 31 ന് അവസാനിക്കുന്ന സ്റ്റാർ ട്രേഡർ ലിമിറ്റഡിന്റെ ഫൈനൽ അക്കൗണ്ട് തയ്യാറാക്കുക.

**31-3-2024 ലെ ട്രയൽ ബാലൻസ്**

| അക്കൗണ്ടിന്റെ പേര് | പണം (₹) Dr. | പണം (₹) Cr. |
|---|---|---|
| ഓപ്പണിംഗ് സ്റ്റോക്ക് | 25,000 | |
| ഫർണിച്ചർ | 20,000 | |
| പ്ലാന്റ് ആന്റ് മെഷിനറി | 1,00,000 | |
| ബിൽസ് റിസീവബിൾ | 14,000 | |
| സൺഡ്രി ഡെബ്റ്റേഴ്സ് | 80,000 | |
| പർച്ചേസ് | 1,80,000 | |
| വേജസ് | 10,000 | |
| ക്യാഷ് ഇൻ ഹാൻഡ് | 6,000 | |
| നിക്ഷേപത്തുക | 40,000 | |
| മോട്ടോർ കാർ | 51,000 | |
| കിഴിവ് അനുവദിച്ചത് | 2,000 | |
| തിരികെ തന്നത് | 7,000 | |
| ചരക്ക് ചാർജ്ജുകൾ | 4,000 | |
| വാടക, നികുതി മുതലായവ | 5,000 | |
| കിട്ടാക്കടം | 1,000 | |
| വ്യാപാരചെലവുകൾ | 2,400 | |
| പ്രിന്റിംഗും സ്റ്റേഷനറികളും | 2,000 | |
| പിൻവലിച്ച തുക | 20,000 | |
| മൂലധനം | | 2,00,000 |
| വില്പന | | 2,76,000 |
| അടയ്ക്കേണ്ട ബില്ലുകൾ | | 15,400 |
| പർച്ചേസ് റിട്ടേൺ | | 2,000 |
| ബാങ്കിൽനിന്ന് അധികമായി പിൻവലിച്ച തുക | | 12,000 |
| കിട്ടാക്കടങ്ങൾക്കുള്ള വ്യവസ്ഥ | | 4,000 |
| വിവിധ കടക്കാർ | | 60,000 |
| **Total** | **5,69,400** | **5,69,400** |

ക്രമീകരിക്കൽ :

(1) ക്ലോസിംഗ് സ്റ്റോക്ക് 45,000 രൂപ.

(2) സംശയാസ്പദമായ കടങ്ങൾക്കുള്ള വ്യവസ്ഥ കടക്കാരിൽ പ്രതിവർഷം 2% വീതം നിലനിർത്തണം.

(3) മൂല്യത്തകർച്ച : ഫർണിച്ചർ 5%, പ്ലാന്റ് ആന്റ് മെഷിനറി 6%, മോട്ടോർ കാർ 10%.

(4) 2023 ഒക്ടോബർ 1-ന് പുതിയ മെഷിനറി 30,000 രൂപ നൽകി വാങ്ങി.